# Press Statement on recent comments by foreign individuals and entities on the farmers' protests

February 03, 2021

______________________________________________________________________

# കർഷകരുടെ പ്രതിഷേധ സമരത്തെക്കുറിച്ച് വിദേശ വ്യക്തികളും സ്ഥാപനങ്ങളും അടുത്തിടെ നടത്തിയ അഭിപ്രായങ്ങളെക്കുറിച്ച് പത്ര പ്രസ്താവന.

ഫെബ്രുവരി 03, 2021

"സമ്പൂർണ്ണമായ സംവാദങ്ങൾക്കും ചർച്ചകൾക്കും ശേഷം ഇന്ത്യൻ പാർലമെന്റ് കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പരിഷ്കരിച്ച നിയമനിർമ്മാണം പാസാക്കിയിരുന്നു. ഈ പരിഷ്കാരങ്ങൾ കർഷകർക്ക് വിപുലമായ രീതിയിൽ വിപണി ലഭ്യമാക്കുകയും കൂടുതൽ സൗകര്യങ്ങൾ പ്രദാനം ചെയ്യുകയും ചെയ്തു. കൂടാതെ ഇവ സാമ്പത്തികമായും പാരിസ്ഥിതികമായും സുസ്ഥിരതയുള്ള കാർഷിക പ്രവർത്തനങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്തു.

എന്നാൽ ഇന്ത്യയുടെ ചില ഭാഗങ്ങളിലെ വളരെ ചെറിയ വിഭാഗം കർഷകർ ഈ പരിഷ്കാരങ്ങൾക്കെതിരെ ചില തടസ്സങ്ങൾ ഉന്നയിക്കുന്നുണ്ട്. പ്രതിഷേധിക്കുന്നവരുടെ വികാരത്തെ മാനിച്ചു കൊണ്ട് ഇന്ത്യൻ സർക്കാർ അവരുടെ പ്രതിനിധികളുമായി നിരവധി ചർച്ചകൾക്ക് തുടക്കമിട്ടിരുന്നു. കേന്ദ്രമന്ത്രിമാർ കൂടി ഭാഗഭാക്കായി ചർച്ചയുടെ പതിനൊന്ന് ഘട്ടങ്ങൾ ഇതിനകം പൂർത്തിയായി. നിയമങ്ങൾ നിർത്തിവയ്ക്കാൻ പോലും സർക്കാരും, ഇന്ത്യൻ പ്രധാനമന്ത്രിയും വാഗ്ദാനം ചെയ്തിട്ടുണ്ട്.

എന്നാൽ ഈ പ്രതിഷേധങ്ങളിലൂടെ നിർദിഷ്ട താൽപ്പര്യ ഗ്രൂപ്പുകൾ തങ്ങളുടെ അജണ്ട നടപ്പാക്കാൻ ശ്രമിക്കുന്നതും അവരെ വഴി തെറ്റിക്കാൻ ശ്രമിക്കുന്നതും വളരെ നിർഭാഗ്യകരം തന്നെയാണ്. ഇന്ത്യയുടെ റിപ്പബ്ലിക് ദിനമായ ജനുവരി 26 നാണ് ഇതിന് സാക്ഷ്യം വഹിക്കേണ്ടി വന്നത്. ഇന്ത്യൻ ഭരണഘടന ഉദ്ഘാടനത്തിന്റെ വാർഷികം ആഘോഷിക്കുന്ന ഒരു ദേശീയ അനുസ്മരണ ചടങ്ങ് അപമാനിക്കപ്പെടുകയും ഇന്ത്യൻ തലസ്ഥാനത്ത് അക്രമവും നശീകരണപ്രവർത്തനവും നടക്കുകയും ചെയ്തു.

ഇത്തരത്തിലുള്ള തല്പരഗ്രൂപ്പുകളിൽ ചിലത് ഇന്ത്യയ്ക്കെതിരായ അന്താരാഷ്ട്ര പിന്തുണ സമാഹരിക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്. ഇത്തരം കപടമായ വസ്തുതകൾ മൂലം തെറ്റിദ്ധരിക്കപ്പെട്ട ലോകത്തിന്റെ വിവിധ

ഭാഗങ്ങളിലും മഹാത്മാഗാന്ധി പ്രതിമകൾ കളങ്കപ്പെടുത്തുകയും ചെയ്തു. ഇത് ഇന്ത്യയ്ക്കും ലോകത്തുടനീക്കമുള്ള പരിഷ്കൃത സമൂഹത്തിനും അങ്ങേയറ്റം അസ്വസ്ഥത സൃഷ്ടിക്കുന്നുന്നുമുണ്ട് .

ഇന്ത്യൻ പോലീസ് സേന ഇത്തരം പ്രതിഷേധപ്രകടനങ്ങളെ അങ്ങേയറ്റം സംയമനത്തോടെയാണ് കൈകാര്യം ചെയ്തത്. പോലീസിൽ സേവനമനുഷ്ഠിക്കുന്ന നൂറുകണക്കിന് പുരുഷന്മാരും സ്ത്രീകളും ശാരീരികമായി ആക്രമിക്കപ്പെടുകയും ചില കേസുകളിൽ ഗുരുതരമായി പരിക്കേൽക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

ഈ പ്രതിഷേധപ്രകടനങ്ങളും ഈ ദുർഘടപ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാരും ബന്ധപ്പെട്ട കർഷക ഗ്രൂപ്പുകളും നടത്തുന്ന ശ്രമങ്ങളും ഇന്ത്യയുടെ ജനാധിപത്യ ധാർമ്മികതയുടെയും രാഷ്ട്രീയത്തിൻറെയും പശ്ചാത്തലത്തിൽ കാണേണ്ടതാണെന്ന് ഞങ്ങൾ ഊന്നിപ്പറയുകയാണ്, .

ഇത്തരം കാര്യങ്ങളിലെ അഭിപ്രായപ്രകടനത്തിനായി തിരക്കുകൂട്ടുന്നതിനുമുമ്പ്, വസ്തുതകൾ ഉറപ്പുവരുത്തണമെന്നും പ്രശ് നങ്ങളെക്കുറിച്ച് ശരിയായ ധാരണയുണ്ടാക്കണമെന്നും ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. സംവേദനാത്മകമായ സോഷ്യൽ മീഡിയ ഹാഷ് ടാഗുകളും അഭിപ്രായങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള ചോദന, പ്രത്യേകിച്ചും താരങ്ങളും മറ്റുള്ളവരും നടപ്പിലാക്കുകയാണെങ്കിൽ, അവ കൃത്യമായതോ ഉത്തരവാദിത്ത പൂർണമോ ആയിരിക്കണമെന്നില്ല. "

#IndiaTogether

#IndiaAgainstPropaganda

**ന്യൂ ഡൽഹി**
**03 ഫെബ്രുവരി, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.